# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടക്കത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-8) 1072/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 14/10/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-8) 1072/2025 തീയ്യതി: 14/10/2025

## തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-07-2024 മുതൽ 16-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 17-07-2025 | 25-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-07-2025 | 25-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ജയകൃഷ്ണൻ എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ഹണി കെ.എസ്, ഓഡിറ്റ് ഓഫീസർ
ഷർഫുദ്ധീൻ എസ്.എച്ച് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സിജോ തോമസ്, ഓഡിറ്റർ
രമ്യ കെ.കെ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇന്ദിര മോഹനൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീകല വി. ജി. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേഷ് ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ജിൻസി ജോസഫ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ശരണ്യ എം. ജി. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. ആഷിത എൻ. ബി. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. സിനി രമ്യ കെ. ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. മായ എൻ. എം. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ജോയ്സി ജേക്കബ് എം. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |
| രശ്മി പി. സി. | വി.ഇ.ഒ. (കരുവാൻകോട് സർക്കിൾ) | 01-04-2024 | 31-03-2025 |
| ഷാജു എം. എ. | വി.ഇ.ഒ. (വെള്ളാനിക്കര സർക്കിൾ) | 01-04-2024 | 31-03-2025 |
| രമ്യാമോൾ കെ. കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 07-08-2024 |
| നിത്തു ത്യാഗരാജ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08-08-2024 | 31-03-2025 |
| സുജയ എ. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| സ്മൃതി വാസുദേവൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | സ്ഥിര നിക്ഷേപം-പലിശ ആയത് അക്രൂവൽ ആകുന്ന മുറക്ക് രേഖപ്പെടുത്തി സാമ്പത്തിക വർഷാവസാനം പലിശ ആനുപാതികമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല | 1-1-3 |
| 5 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ലെഡ്ജർ ബാലൻസുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഫണ്ട് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമപെൻഷനുകൾ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 19 | തൊഴിൽ നികുതി അപാകങ്ങൾ | 1-9 |
| 20 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു | 1-10 |

| | | |
|---|---|---|
| 21 | കെട്ടിടങ്ങളുടെ ക്രമവത്ക്കരണ ഫീസ് ഈടാക്കാതെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു | 1-11 |
| 22 | നിലവിലുള്ള കെട്ടിടഭാഗം ക്രമവത്ക്കരിക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 1-12 |
| 23 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 1-13 |
| 24 | ടർഫിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 1-14 |
| 25 | വർക്കിംഗ് ഗ്രൂപ്പുകൾ - മിനിട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-15 |
| 26 | തെരുവുവിളക്ക് പരിപാലനം - അടിസ്ഥാനവിവരങ്ങൾ ലഭ്യമല്ല | 1-16 |
| 27 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-17 |
| 28 | കൈമാറിയ തുക നാളിതുവരെ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല | 1-18 |
| 29 | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-19 |
| 30 | പഞ്ചായത്ത് പൊതു ആവശ്യങ്ങൾക്ക് സ്ഥലം വാങ്ങൽ - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-20 |
| 31 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിലും അധികം ചെലവഴിച്ചിരിക്കുന്നു | 1- 21 |
| 32 | തെരുവുവിളക്കുകൾ വാങ്ങൽ - അപാകതകൾ | 1-22 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-23 |
| 34 | ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - റീഫണ്ട് തുക നാളിതുവരെയും ലഭ്യമായില്ല | 1-24 |
| 35 | മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ നൽകിയതിൽ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-25 |
| 36 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മുൻകൂർ നൽകിയ തുകയ്ക്ക് നാളിതുവരെയും മരുന്നുകൾ മുഴുവനും ലഭ്യമായില്ല | 1-26 |
| 37 | അസിസ്റ്റന്റ് എൻജിനിയറുടെ ക്യാഷ് ബുക്ക് - നിശ്ചിത മാതൃകയിൽ പരിപാലിച്ചിട്ടില്ല | 1-27 |
| 38 | ജലജീവൻ മിഷൻ അവലോകനം | 1-28 |
| 39 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്-ഒടുക്ക് സംബന്ധിച്ച് പരിശോധന | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12.05.2025 തീയതിയിലെ നം.(3) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 16.05.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 14.10.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

**I. മൂലധന ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി**

ചുവടെ കൊടുത്തിട്ടുള്ള പട്ടികയിലെ പദ്ധതിപ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ ആസ്തി ശീർഷകത്തിൽ ബുക്ക്

ചെയ്യുന്നതിന് പകരം റവന്യൂ ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു.

| പദ്ധതി | വൗച്ചർ നമ്പർ/ തീയതി | ഫണ്ട്/തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|
| 318/2025 FHC സബ് സെന്ററുകളിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ | 42401476/07.09.2024 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) (50,000) | 251110012 |

II. താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500.... ൽ ആരംഭിക്കുന്ന അഡ്വാൻസ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് / ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A.

| ക്രമ നമ്പർ | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1. | 175/25 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 42401308/26.03.2025 | 24,422 | 251200001 | 460500202- Advance To Implementing Agencies-KSEB |
| | | 42400802/13.12.2024 | 92,891 | | |

B. മരുന്ന് പൂർണ്ണമായി ലഭ്യമാകാതെ തുക ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു

| ക്രമ. നമ്പർ | പ്രോജക്റ്റ് | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ലഭ്യമായ മരുന്ന് | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|---|---|
| 1. | 45/2025 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | HOMCO | 42401610/ 29.01.2025 | 2,00,000 | 1,14,349 | 251110208 | 460500399- Advance To Other Authorised Agencies |

(ഓഡിറ്റ് അന്വേഷണം നം.9/21.07.2025)

**III. മുൻകൂർ തുക കുറവായും, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ഡ്യൂപ്ലിക്കേറ്റ് എൻട്രിയായും ബുക്ക് ചെയ്തു**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 2024-25

(നം.124/2025) എന്ന പദ്ധതിക്കായി CFC UN-TIED ഫണ്ടിൽ (320200104) നിന്നും 5,00,000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 8,00,000 രൂപയും ചേർത്ത് ആകെ 13,00,000 രൂപ മുൻകൂറായി കെ.എസ്.ഇ.ബി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 8,00,000 രൂപയിൽ 5,00,000 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും, 3,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് കെ.എസ്.ഇ.ബി.യ്ക്ക് നൽകുകയാണുമുണ്ടായത്. നിലവിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് വാർഷിക കണക്കിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ ഗുരുതരമായ പിഴവുകൾ സംഭവിച്ചിട്ടുണ്ട്. മേൽ പിഴവുകളുടെ ഫലമായി ചെലവ്/അഡ്വാൻസ് ഭാഗത്തു 460500202 എന്ന ശീർഷകത്തിൽ 13,00,000 ലക്ഷം രൂപ ചേർക്കേണ്ടതിന് പകരം 10,00,000 ലക്ഷം രൂപയാണ് ചേർത്തിരിക്കുന്നത്. അതിനാൽ അഡ്വാൻസ് ശീർഷകത്തിൽ 3,00,000 രൂപയുടെ കുറവും 415100001 എന്ന ആസ്തി ശീർഷകത്തിൽ 8,00,000 രൂപയുടെ ചെലവ് അധികം രേഖപ്പെടുത്തുകയും വരവ് ഭാഗത്തു ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് സ്ഥാപനത്തിനു നൽകിയ 3,00,000 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല. കൂടാതെ പദ്ധതി പൂർത്തീകരിച്ചു വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുൻപ് തന്നെ CFC ഫണ്ടിലെ ബാധ്യത തുക വരവായി ക്രമീകരിക്കുകയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്ന ബാധ്യത ശീർഷകത്തിൽ (320700104) ബാങ്ക് മുഖേന വരവ് വെച്ച ബാധ്യത തുകയിൽ 5,00,000 രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ആണ് മാറ്റുകയും ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ മേൽ അപാകങ്ങൾ ചുവടെ ചേർത്തിരിക്കുന്ന ജേർണൽ എൻട്രികൾ രേഖപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

1. 42401781/31.03.2025 എന്ന ജേർണൽ എൻട്രി റദ്ദാക്കുക.

2. 42401859/31.03.2025 എന്ന ജേർണൽ എൻട്രി റദ്ദാക്കുക.

3. 3,00,000 രൂപക്ക് 320700104 ൽ ക്രെഡിറ്റ് ചെയ്യുകയും 460500202 ൽ ഡെബിറ്റ് ചെയ്ത് എൻട്രി ഇടുക.

4. Prior Period Schedule - ലെ ഉചിതമായ ശീർഷകത്തിൽ 5,00,000 രൂപ ഡെബിറ്റ് ചെയ്യുകയും 320200104 എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുക.

5. പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം കിട്ടുന്ന മുറയ്ക്ക് 460500202 എന്ന ശീർഷകത്തിൽ നിന്നും 13,00,000 രൂപ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ചെലവ് / ആസ്തി ശീർഷകത്തിൽ ഡെബിറ്റും ചെയ്യുക.

6. ക്രമ നം.5 ആസ്തി ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളതെങ്കിൽ.

A) 320200104 എന്ന ശീർഷകത്തിൽ 5,00,000 രൂപ ഡെബിറ്റും 3121002024 എന്ന ശീർഷകത്തിൽ ക്രെഡിറ്റും ചെയ്യേണ്ടതാണ്.

B) 8,00,000 രൂപ 320700104 എന്ന ശീർഷകത്തിൽ ഡെബിറ്റും 312700104 എന്ന ശീർഷകത്തിൽ ക്രെഡിറ്റും ചെയ്യേണ്ടതാണ്.

7. ക്രമ നം.5 ലെ ചെലവ് റവന്യൂ ശീർഷകത്തിൽ ആണ് ബുക്ക് ചെയ്തിട്ടുള്ളതെങ്കിൽ,

A) 320200104 എന്ന ശീർഷകത്തിൽ 5,00,000 രൂപ ഡെബിറ്റും, 160100104 എന്ന ശീർഷകത്തിൽ ക്രെഡിറ്റും ചെയ്യുക.

B) 320700104 എന്ന ശീർഷകത്തിൽ 8,00,000 രൂപ ഡെബിറ്റും 160300102 എന്ന ശീർഷകത്തിൽ ക്രെഡിറ്റും ചെയ്യേണ്ടതാണ്.

IV. **ശീർഷകം മാറി തുക ബുക്ക് ചെയ്തു**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന പൊങ്ങണംകാട് ആരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിട നിർമ്മാണം (360/2025) എന്ന പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക 55,50,000 രൂപയാണ്. ടി ബഹുവർഷ നിർമ്മാണ പദ്ധതി നിർവ്വഹണം നടത്തുന്ന അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതികേന്ദ്ര, തൃശ്ശൂരിന് എസ്റ്റിമേറ്റിന്റെ 20% തുകയായ 11,10,000 രൂപ 42400798 നമ്പർ വൗച്ചർ പ്രകാരം 12-12-2024 ലും, 16,65,000 രൂപ 42401314 നമ്പർ വൗച്ചർ പ്രകാരം 27-03-2025 തീയതിയിലും മുൻകൂറായി നൽകിയിട്ടുണ്ട്. നിലവിൽ നിർമ്മാണം പൂർത്തിയാകാത്ത ടി പദ്ധതിയെ 412010101- CAPITAL WORK

IN PROGRESS എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരമായി 415120102 –Other Buildings – New Buildings (16,65,000 രൂപ), 414110001 - Medical Institutions – Allopathy – Health – Buildings (11,10,000 രൂപ) എന്നീ ശീർഷകങ്ങളിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. കൂടാതെ പദ്ധതി പൂർത്തിയാക്കുന്നതിന് മുൻപ് തന്നെ ചെലവായ തുകക്ക് തുല്യമായ തുക 312100406-Capital Contribution – Fund For Transferred Institutions - Allopathy- Capital എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.

(ഓഡിറ്റ് അന്വേഷണം നം.21/23.07.2025)

**1-1-2 സ്ഥിര നിക്ഷേപം-പലിശ ആയത് അക്രൂവൽ ആകുന്ന മുറക്ക് രേഖപ്പെടുത്തി സാമ്പത്തിക വർഷാവസാനം പലിശ ആനുപാതികമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 31.03.2025 തീയതിയിൽ പഞ്ചായത്തിന് 1,00,17,404 രൂപയുടെ സ്ഥിരനിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ 21,67,537 രൂപ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ സ്ഥിര നിക്ഷേപ നമ്പർ 148918801200073 പ്രകാരം നിക്ഷേപിച്ച തുകയാണ്. 26.07.2011 തീയതിയിലെ സ.ഉ (എം.എസ്) നം.152/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിക്ഷേപങ്ങളുടെ പലിശ ആയത് അക്രൂവൽ ആകുന്ന മുറക്ക് രേഖപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം പലിശ ആനുപാതികമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ സ്ഥിര നിക്ഷേപങ്ങളിൽ ഇത്തരത്തിൽ പലിശ കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ബാലൻസ് ഷീറ്റ് പ്രകാരമുള്ള പഞ്ചായത്തിന്റെ ആസ്തി കുറവായി രേഖപ്പെടുത്തുന്നതിന് കാരണമാകുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു

| സ്ഥിര നിക്ഷേപം തുടങ്ങിയ തീയതി | സ്ഥിര നിക്ഷേപം അവസാനിക്കുന്ന തീയതി | തുക | പലിശ | | പലിശ വാർഷിക കണക്കിൽ ക്രമീകരിച്ച വിധം |
|---|---|---|---|---|---|
| | | | ശതമാനം (പ്രതിവർഷം) | തുക | |
| 01.04.2024 | 01.05.2025 | 21,67,537 | 8 | 1,73,403 | വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. |

(ഓഡിറ്റ് അന്വേഷണം നം . 23/25.07.2025)

**1-1-3 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18 & ഐ - 19 ) പ്രകാരം “Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18 & I-19) | 31/03/2025 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290600499-Prior Period | 2,94,474 |

| | |
|---|---|
| Expense - Remission And Refund - Other Income | |
| 290800201 – Prior Period Expenses – Administrative Expenses | (2,353) |
| 190100101 – Prior Period Income – Property Tax | 53,006 |
| 190100102 – Prior Period Income – Institutions/Professionals/ Traders | (33,050) |
| 190200401 - Prior Period Income – Other Incomes | 44,900 |

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.9/21.07.2025)

**1-1-4 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് നം.152/2011/ത.സ്വ.ഭ.വ തീയതി. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-5 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -18,63,784 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 24,88,696 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് അന്വേഷണം നം.9/21.07.2025)

**1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ & എഫ്))

**1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

2024-25ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വരുമാന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ നമ്പർ |
|---|---|---|---|---|
| 1. | 130100101-Rent From Building | 4,236 | 31.03.2025 | 42401813 |
| 2. | 110100101-Property Tax On Residential Buiding | 47,53,466 | 31.03.2025 | 42401840 |
| 3. | 110100102-Property Tax On Non Residential Buiding | 35,32,708 | 31.03.2025 | 42401841 |
| 4. | 140110101-Licence Fees For Factories, Traders, Entepreneuors And Other Services | 2,94,000 | 31.03.2025 | 42401797 |
| 5. | 110200105-Profession Tax-Traders | 3,03,450 | 31.03.2025 | 42401811 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.9/21.07.2025)

**1-1-8 വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുകയും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകളും പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ്

മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**I. തൻവർഷം**

1. റെസിഡൻഷ്യൽ

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 47,37,497 | 12,794 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 47,19,084 | *12,800 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | *(13,440/105X100)=12,800 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2. നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരം | 35,46,121 | 12,461 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 35,14,494 | *12,467 |
| | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | *( 13,090/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

II. കുടിശ്ശിക

1. റെസിഡൻഷ്യൽ

| | ഡിമാന്റ് | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,25,056 | 50,427 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 85,170 | **50,462 |
| | (2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (16647+72781=89428/105x100) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (52985/105X100) |

2. നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരം | 1,13,629 | 22,250 | 91,387 |
| വാർഷികകണക്കിലെ | 1,00,621 | 22,242 | 91,434 |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (22095+83557=105652/105x100) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (96006/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**III. ലൈബ്രറി സെസ്സ്**

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 4,22,204 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 4,22,031 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 4,21,752 രൂപയാണ്. (വൗച്ചർ 42401844 തീ 31.03.2025, വൗച്ചർ 42401844 തീ 31.03.2025, വൗച്ചർ 42401844 തീ 31.03.2025, വൗച്ചർ 42401844 തീ 31.03.2025, (2,40,259+3,771+1,76,589+1,133 = 4,21,752)

**IV. വസ്തുനികുതി മുൻകൂർ തുക**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2025 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 3,69,157 | 4,57,875 |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 38,051 | 1,20,032 |

(ഓഡിറ്റ് അന്വേഷണം നം.9/21.07.2025)

## 1-1-9 ലെഡ്ജർ ബാലൻസുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി

സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3.ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
5. ക്രിമറ്റോറിയം ഫീ രജിസ്റ്റർ

(ഓഡിറ്റ് അന്വേഷണം നം.9/21.07.2025)

## 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് അന്വേഷണം നം.9/21.07.2025)

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 09.02.2024 | |
| കമ്മിറ്റി തീരുമാനം | 1 (1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 25,25,16,737 | 24,30,76,212 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 15.03.2025 | |
| കമ്മിറ്റി തീരുമാനം | 1 (1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 28,84,40,669 | 27,90,17,176 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,97,44,000 | 1,97,44,000 | 1,95,83,458 | 1,60,542 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 56,86,000 | 56,86,000 | 56,86,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 2,98,17,000 | 2,98,17,000 | 2,87,71,509 | 1,04,591 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 56,17,000 | 56,17,000 | 52,14,970 | 4,02,030 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 4,12,615 | 35,28,184 | 39,40,799 | 33,36,310 | 6,04,489 |
| | Treasury | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 1,21,390 | 80,39,706 | 81,61,096 | 62,36,674 | 17,73,216 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 0 | | | | 0 |
| ദുരിതാശ്വാസനിധി | 1,00,000 | 0 | 1,00,000 | 0 | 1,00,000 |
| ശുചിത്വമിഷൻ ഫണ്ട് | 2,12,553 | 0 | 2,12,553 | 1,58,093 | 54,460 |
| ജലനിധി | 17,844 | 503 | 18,347 | 0 | 18,347 |
| പീച്ചി-വാഴാനി-ടൂറിസം-കോറിഡോർ - പദ്ധതി-അദർ ഗവ.ഏജൻസീസ് | 20,00,000 | 0 | 20,00,000 | 3,70,003 | 16,29,997 |
| കോവിഡ് ഡോണേഷൻ | 15,160 | 428 | 15,588 | 0 | 15,588 |
| | | | | | |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)** | | | | | |
| TSC | 0 | 0 | 0 | 0 | 0 |
| ICDS | 8,01,360 | 22,17,913 | 30,19,273 | 9,84,276 | 20,34,997 |
| M P FUND | | | | | |
| Health Grant-Diagnostic Infrastructure To The PHC | 5,73,799 | 4,11,142 | 9,84,941 | 5,55,629 | 4,29,312 |
| Health Grant- Health& Wellness To The PHC | 1,41,885 | 6,31,904 | 7,73,789 | 1,32,851 | 6,40,938 |
| Health Grant Towards Buildingless Subcentre's PHc & CHCS | 28,05,500 | 85,807 | 28,91,307 | 27,75,000 | 1,16,307 |
| **മറ്റേതെങ്കിലും ഫണ്ടുകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം** | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| SC Development | 0 | 0 | 0 | 0 | 0 |
| Ayurvedam | 0 | 0 | 0 | 0 | 0 |
| MLA Fund | 0 | 0 | 0 | 0 | 0 |
| Keralolsavam | 0 | 0 | 0 | 0 | 0 |
| Vimukthi | 0 | 0 | 0 | 0 | 0 |
| മറ്റേതെങ്കിലും ഫണ്ടുകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം | | | | | |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ |
|---|---|---|---|---|---|

| | തുക | | തുക | | ശതമാനം |
|---|---|---|---|---|---|
| 347 | 16,99,31,991 | 229 | 9,83,63,144 | 57.88 | 65.99 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 22,21,562 | 22,21,562 | 22,21,562 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | 0 | 3,40,42,438 | 3,40,42,438 | 3,40,42,438 | 0 |
| ആകെ | 0 | 3,62,64,000 | 3,62,64,000 | 3,62,64,000 | 0 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 38,15,000 | 233 |
| വിധവാ പെൻഷൻ | 1,94,30,900 | 1,263 |
| വാർദ്ധക്യകാല പെൻഷൻ | 40,057,800 | 2,849 |
| വികലാംഗപെൻഷൻ | 45,02,100 | 281 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 25,23,600 | 161 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000 | 3 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2025 തീയതിയിൽ 3:00 PM ന് പഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,190 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 തൊഴിൽ നികുതി അപാകങ്ങൾ

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം

വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

1. 2024-25 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം/ ജീവനക്കാരന്റെ പേരു വിവരങ്ങൾ | അർദ്ധ വാർഷിക വരുമാനം | ഒന്നാം അർദ്ധ വർഷം ഈടാക്കിയ നികുതി | രണ്ടാം അർദ്ധ വർഷം ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| A | കോളേജ് ഓഫ് ഫോറസ്റ്ററി, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാനിക്കര | | | | | |
| 1 | ശകുന്തള കെ. ജി. | 1,44,207 | 1000 | | 1,250 | 250 |
| 2 | അധിപ് ശങ്കർ കെ. പി. | 28,650 | | 320 | 450 | 130 |
| B | കോളേജ് ഓഫ് അഗ്രികൾച്ചർ, (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാനിക്കര | | | | | |
| 1 | സൗമ്യ പി. വി. | 1,63,264 | | 1,000 | 1,250 | 250 |
| 2 | പ്രസന്ന എം. എം. | 1,58,922 | 750 | | 1,250 | 500 |
| 3 | റംലത് സുലൈമാൻ | 1,58,922 | 1,000 | | 1,250 | 250 |
| 3 | ഷാബിറ കെ. കെ. | 1,58,922 | 1,000 | | 1,250 | 250 |
| 4 | ഷാലി ടി. വി. | 1,53,036 | 750 | | 1,250 | 500 |
| 5 | രാധ എ. വി. | 1,58,922 | 300 | | 1,250 | 950 |
| 6 | വീജയ പി. എസ് . | 1,58,922 | 1000 | | 1250 | 250 |
| 7 | മഞ്ജുഷ കെ. സി. | 1,09,350 | 750 | | 1,000 | 250 |
| | **ആകെ** | | | | | **3,580** |

2. ഫാമിലി ഹെൽത്ത് സെന്റർ, കരുവാൻക്കാട് എന്ന സ്ഥാപനത്തിലെ 3 ജീവനക്കാരിൽനിന്നും ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിലെ ജീവനക്കാരുടെ വരുമാനവിവരം സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. എന്നാൽ ടി ജീവനക്കാരുടെ രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി പരമാവധി 1250 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ഒന്നാം അർദ്ധവാർഷിക ഈടാക്കിയ നികുതി |
|---|---|---|

| | | |
|---|---|---|
| 1 | രശ്മി ഒ. | 1,000 |
| 2 | ബിൻസി തോമസ് | 1,000 |
| 3 | സിജി പി. ജെ. | 750 |

3. തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ. (സാധാ.)നമ്പർ 1149/2024/LSGD നമ്പർ ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. 2024- 25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച/പുതുക്കിയ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി മുൻകൂറായി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഒന്നാം അർദ്ധവാർഷിക പ്രകാരം 300, 450, 600 എന്നീ നിരക്കുകളിൽ തൊഴിൽ നികുതി ഈടാക്കിയിരുന്ന സ്ഥാപന ഉടമകളിൽ നിന്നും രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതിയും അതേ നിരക്കിൽ തന്നെയാണ് ഈടാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം രണ്ടാം അർദ്ധ വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പരിഷ്കരണത്തിന്റെ ഭാഗമായുള്ള വർദ്ധിച്ച നിരക്കിലുള്ള നികുതി സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നികുതിയോ, ചട്ടം 5, 6 അനുസരിച്ച് ടേൺ ഓവറിനെ അടിസ്ഥാനപ്പെടുത്തിയുള്ള നികുതിയോ ഈടാക്കാമെന്നുണ്ടെങ്കിലും തൊഴിൽ നികുതി സ്ലാബ് നിശ്ചിയിക്കുന്നതിനുള്ള വരുമാനം സംബന്ധിച്ച് രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/23.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ (1) പ്രകാരമുള്ള പട്ടികയിലെ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്രമ നമ്പർ (2) ൽ പരാമർശിച്ച സ്ഥാപനത്തിലെ ജീവനക്കാരുടെ വരുമാനവിവരം സംബന്ധിച്ച രേഖകൾ ഹാജരാക്കി ആയതുപ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ടതണ്. ക്രമ നമ്പർ (3), സ്ഥാപന ഉടമകളിൽ നിന്നും വരുമാനം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കി തൊഴിൽ നികുതി പരിഷ്കരണം നടപ്പിലാക്കി നികുതി വരുമാനം ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടിക (1) ൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല.

2024-25 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയെങ്കിലും ലൈസൻസ് പുതുക്കാതെയാണ് പ്രവർത്തിക്കുന്നതെന്നു കണ്ടു.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപന ഉടമയുടെ പേര് |
|---|---|---|
| 1 | നീതി ലാബ്, ചിറക്കേക്കോട് | ശില്പ എസ്. കുമാർ,<br>കാർത്തിക, വടക്കുംഞ്ചേരി |
| 2 | സിറ്റി ഹൈ-ടെക് ലാബ്<br>പൊങ്ങണംകാട് | ലിനി സി.എൽ.<br>ചൂണ്ടൽ ഹൗസ്, കറിച്ചിക്കര ,<br>മാറ്റാമ്പുറം |

| | | |
|---|---|---|
| 3 | ഇൻസൈറ്റ് ലാബ് സുധർമ മെട്രോപോളിസ്, താണിക്കുടം | ഹരി പി. കെ. സുധഭവൻ, കണ്ണാപുരം, ചേറ്റുപുഴ |
| 4 | റോസാ മിസ്റ്റിക്ക ആയുർവേദ ഹോസ്പിറ്റൽ, വെള്ളാനിക്കര | അനുമോദ് എ. കാക്കശ്ശേരി ഹൗസ്, ആളൂർ |
| 5 | ദേവി ലബോറട്ടറി പൊങ്ങണംകാട് | ബേബി ജയൻ, കുറിച്ചിക്കര പി.ഒ. താണിക്കുടം |

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/23.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ആയവയ്ക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ് അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കേണ്ടതുമാണ്.

## 1-11 കെട്ടിടങ്ങളുടെ ക്രമവത്ക്കരണ ഫീസ് ഈടാക്കാതെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു

2024-25 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൻ പ്രകാരം കണ്ടെത്തിയ അപാകത താഴെച്ചേർക്കുന്നു.

ഫയൽ നമ്പർ : SC4-1921/25 Dated 20.02.2025

കെട്ടിട ഉടമയുടെ പേര്: സാജു എൻ. കെ. നെച്ചിക്കാടൻ വീട്, കുറ്റിക്കാട്.

സ്ഥലത്തിന്റെ സർവ്വേ നം.: 149/P-5

സ്ഥല വിസ്തീർണ്ണം : 243 ച. മീ.

കെട്ടിട നമ്പർ : 8/362 A

കെട്ടിട വിസ്തീർണം : 166.79 ച. മീ.

കെട്ടിടത്തിന്റെ ഉപയോഗക്രമം : പാർപ്പിടാവശ്യം

പ്രസ്തുത ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

30.07.2019-ലെ എ4-4129/19 നമ്പർ പെർമിറ്റ് പ്രകാരം 114.01. ച.മീ. നിർമ്മാണത്തിനാണ് പെർമിറ്റ് അനുവദിച്ചത്. എന്നാൽ കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം നിലമാണ്. പണി പൂർത്തീകരിച്ചതിന് ശേഷം 05.03.24ൽ (അപേക്ഷ നമ്പർ : 2378/24) കെട്ടിട ഉടമ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച അറിയിപ്പ് പഞ്ചായത്തിൽ സമർപ്പിച്ചു. ടി ഫയൽ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 166.79 ച. മീ. ആണ്. ബഹു. ആർ.ഡി.ഒ. യുടെ ഭൂമി തരം മാറ്റൽ ഉത്തരവ് ഹാജരാക്കാത്തതിനാൽ, നിർമ്മാണം പൂർത്തികരിച്ച ടി കെട്ടിടത്തിന് 07.03.2024 ന് 8/362 A(UA) നമ്പർ നൽകി വസ്തുനികതി നിർണ്ണയിച്ചിട്ടുണ്ട്.

പിന്നീട്, ബഹു. ആർ.ഡി.ഒ. യുടെ 15.01.2025 ലെ 14/2023/48086 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന് 04.03.2025 തീയതിയിൽ 8/362A റഗുലർ നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ പെർമിറ്റിന്റെ കാലാവധി 05.03.24 ൽ കലഹരണപ്പെട്ടതിനാൽ പ്രസ്തുത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കുന്നതിന് മുൻപ് ക്രമവൽക്കരണം നടത്തേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

പെർമിറ്റ് പുതുക്കിയതിന്റെ/ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നം. 11/23.07.2025) ലഭ്യമാക്കിയിട്ടില്ല. 166.79 ച. മീ. തറവിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കെട്ടിടത്തിന്റെ ക്രമവത്ക്കരണ ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-12 നിലവിലുള്ള കെട്ടിടഭാഗം ക്രമവത്ക്കരിക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം കണ്ടെത്തിയ അപാകത താഴെച്ചേർക്കുന്നു.

ഫയൽ നമ്പർ SC4-8360/24 തീയതി 02.12.2024

ശശിധരൻ, പുത്തൻവീട്ടിൽ ദ്വാരക, താണിക്കുടം എന്നവരുടെ ഉടമസ്ഥതയിൽ സർവ്വേ നം.27/2, 28/41 ൽ 437 ച.മീ. പ്ലോട്ട് വിസ്തീർണ്ണമുള്ള സ്ഥലത്ത് 33.12 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനായി ബിൽഡിംഗ് പെർമിറ്റിന് അപേക്ഷിച്ചിരുന്നു. പുതിയ വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസ്ഡ് പ്ലാൻ പ്രകാരം നിലവിൽ 191.46 ച.മീ. വിസ്തീർണ്ണത്തിൽ 15/57 എന്ന നമ്പറിലുള്ള റെസിഡൻഷ്യൽ കെട്ടിടം അതേ സൈറ്റിൽ ഉള്ളതായി കാണുന്നു. എന്നാൽ സഞ്ചയ പ്രകാരം നിലവിലുള്ള റെസിഡൻഷ്യൽ കെട്ടിടത്തിന്റെ 140.58 ച.മീ. വിസ്തീർണ്ണത്തിനാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ടി കെട്ടിടത്തിന്റെ 50.88 ച.മീ. വിസ്തീർണ്ണം ക്രമവത്ക്കരിക്കുകയോ വസ്തു നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.
കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 3(1)(d) പ്രകാരം സൈറ്റും അതിൽ നിലവിലുള്ള കെട്ടിടങ്ങളും നിയമാനുസൃതമാണെങ്കിൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലോ, പരിവർത്തനമോ നടത്തുന്നതിനും പെർമിറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളു. നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവത്ക്കരിച്ച് നിയമാനുസൃതമാക്കാതെയാണ് പുതിയ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. മേൽ അപാകത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/23.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കപ്പെട്ട ഭാഗം അടിയന്തിരമായി ക്രമവത്ക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
സ.ഉ. (കൈ) 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കേണ്ടതുമാണ്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-13 വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത**

2011-ലെ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം (6), പട്ടിക (8) പ്രകാരം സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന നികുതിയുടെ 10% വർദ്ധനവ് വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് സമീപത്ത് എ.സി. ഓഡിറ്റോറിയം എന്ന് പരസ്യം നൽകി പ്രവർത്തിക്കുന്ന "ഇടം ഓഡിറ്റോറിയം" എന്ന കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗിന്റെ അടിസ്ഥാനത്തിൽ 10% വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം | തറ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 14/368 A | വൃന്ദ ജി നായർ സിബു എസ്. കണ്ണത്ത് കളത്തിൽ വീട്, അക്കരപുറം, കുറ്റിച്ചിക്കര | അസംബ്ലി ബിൽഡിംഗ് (ഓഡിറ്റോറിയം) | 428.36 |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നം. 12/23.07.2025) ലഭ്യമാക്കിയിട്ടില്ല. ഫീൽഡ്തല പരിശോധന നടത്തി സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് ഉള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ടർഫിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ. (അച്ചടി) നം.25/2023/ത.സ്വ.ഭ.വ പ്രകാരവും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരവും ഉപയോഗക്രമത്തിനനുസരിച്ച് ടർഫുകളിൽ നിന്നും 01.04.2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. സ്ഥലപരിശോധനയിൽ പഞ്ചായത്തിലെ 13-ാം വാർഡിൽ കല്ലട ബാഡ്മിന്റൺ സെന്റർ, (ട്ട ഫിംഗേഴ്സ് അക്കാഡമി) വെള്ളാനിക്കര എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെങ്കിലും വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/24.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിന്റെ വസ്തുനികുതി അടിയന്തിരമായി നിർണ്ണയിച്ച് 01.04.2023 തീയതി മുതലുള്ള വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ മറ്റ് ടർഫുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇവയ്ക്ക് വസ്തുനികുതി നിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വർക്കിംഗ് ഗ്രൂപ്പുകൾ - മിനിട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

സ.ഉ (കൈ) 84/22 ത.സ്വ.ഭ.വ തീയ്യതി 19.04.22 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. 2024-25 വർഷം വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരേണ്ടതും പദ്ധതികളുടെ രൂപീകരണം മുതൽ പൂർത്തീകരണം വരെയും ആയതിനു ശേഷമുള്ള പ്രവർത്തനവും മോണിട്ടർ ചെയ്യേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി മാറി പദ്ധതികളുടെ അവലോകനം നടത്തി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്.

പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ പേജിൽ ഗ്രൂപ്പിലുള്ള അംഗങ്ങളുടെ പേര് ചേർത്തിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നുവെങ്കിലും തീരുമാനം രേഖപ്പെടുത്തിയിട്ടില്ല.

ഉദാ:-2024-25 വാർഷിക പദ്ധതി രൂപീകരണം സെമിനാർ, തീയ്യതി - 13.01.24.

3. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല.

ഉദാ:-വർക്കിംഗ് ഗ്രൂപ്പ് കാലാവസ്ഥാ വ്യതിയാനം, തീയ്യതി 13.01.24

4. 2024-25-ൽ കാലാവസ്ഥാ വ്യതിയാനം, പ്രാദേശിക സാമ്പത്തിക വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ല.

5. 13.01.24-ലെ വികസന സെമിനാറിനോടനുബന്ധിച്ച് മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ കൂടിയിട്ടുള്ളത്. പഞ്ചായത്തിൽ ആകെ 16 വാർഡുകൾ ഉള്ളതിൽ 12, 13 വാർഡിൽ നിന്നു മാത്രമുള്ളവരാണ് ഒപ്പു വച്ചിട്ടുള്ളത്. ഇതേ തീയ്യതിയിൽ ശുപാർശകൾ/അജണ്ടകൾ മാത്രമാണ് ഉൾപ്പടുത്തിയിട്ടുള്ളത്. തീരുമാനമെടുത്ത് അംഗീകരിച്ചിട്ടില്ല.

6. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നാമമാത്രമായ അംഗങ്ങളാണ് പങ്കെടുക്കുന്നത്.

ഉദാ:- 13.01.24 ലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഗ്രൂപ്പ് യോഗത്തിൽ രണ്ടു പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്.

7. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച്

പ്രൊജക്ടുകൾ മോണിറ്റർ ചെയ്യേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്യുകയും ആയത് ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടില്ല.

സുസ്ഥിര വികസന ലക്ഷ്യം 13 പ്രകാരം കാലാവസ്ഥാ വ്യതിയാനവും അതിന്റെ പ്രത്യാഘാതങ്ങളും നേരിടുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട വർക്കിംഗ്

ഗ്രൂപ്പുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്. 2025-26 കാലയളവിലെ 18.01.25 നമ്പർ തീരുമാനപ്രകാരമാണ് പഞ്ചായത്തിൽ ഒരു വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനു തീരുമാനമെടുത്തിട്ടുള്ളത്. ആയതിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.8/21.07.25 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി യോഗതീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തി രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-16 തെരുവുവിളക്ക് പരിപാലനം - അടിസ്ഥാനവിവരങ്ങൾ ലഭ്യമല്ല

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് - 120/25 – തെരുവുവിളക്ക് അറ്റകുറ്റപ്പണി 2024-25

അടങ്കൽ – 10,00,000

(ധനകാര്യകമ്മീഷൻ ഗ്രാന്റ് – 6,00,000

തനതുഫണ്ട് – 4,00,000)

ചെലവ് - 10,00,000

(ധനകാര്യകമ്മീഷൻ ഗ്രാന്റ് – 6,00,000

തനതുഫണ്ട് – 4,00,000)

വൗച്ചർ നം. – 42401284 /24.3.25 – 62,320

42400824 /20.12.24 – 3,37,680

42400433 /3.9.24 – 3,53,080

42400823 /20.12.24 – 2,46,920

ആകെ – 10,00,000

ഭരണസമിതിയുടെ 5.3.24 ലെ 1/1 നം. തീരുമാനപ്രകാരമാണ് സ്ഥാപനമായ ഗ്യാലക്സി എനർജി സിസ്റ്റംസ്, മലപ്പുറം എന്ന സ്ഥാപനത്തിന് കരാർ നൽകുകയും പ്രവൃത്തി ചെയ്തതിനെത്തുടർന്ന് മേൽപ്രകാരം തുക കൈമാറുകയും ചെയ്തു.

അപാകതകൾ

1. തെരുവുവിളക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഹൈമാസ്റ്റ് മിനിമാസ്റ്റ് വിളക്കുകളുടെ എണ്ണവും എൽ ഇ ഡി ലൈറ്റുകളുടെ രജിസ്റ്റർ പ്രകാരമുള്ളതും റിപ്പയർ ചെയ്തിട്ടുള്ള വിളക്കുകളുടെ വിവരങ്ങളും തമ്മിലുള്ള കൃത്യത ഉറപ്പുരുത്തുവാൻ സാധിക്കുന്ന തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. റിപ്പയറിനുശേഷം തിരികെ ലഭ്യമാകുന്ന സാധനങ്ങൾ അൺസർവീസബിൾ ഗുഡ്സ് രജിസ്റ്റർ തയ്യാറാക്കി ചേർത്തിട്ടില്ല.

21.02.2019 ലെ സർക്കുലർ നം.ഡി.എ1/17/2019/ത.സ്വ.ഭ.വ പ്രകാരം കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് തെരുവുവിളക്കുകളുടെ രജിസ്റ്റർ കൃത്യമാക്കി പരിപാലിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ വാർഡിലും ഓരോ ഇനത്തിലും എത്ര വീതം വിളക്കുകൾ ഉണ്ട് എന്ന് വ്യക്തമാകുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 14/23.7.25)

### 1-17 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.
നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് - 323/25 – പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ

അടങ്കൽ - 1,37,990 തനതുഫണ്ട്

ചെലവ് - 1,37,990

വൗച്ചർ നം. - 42400799 /12.12.24 – 49,990

42401087 /21.2.25 – 88,000

വാങ്ങിയ ഇനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഇൻവോയ്സ് നമ്പർ | ഇനം | വില | ലഭ്യമാക്കിയ സ്ഥാപനം |
|---|---|---|---|
| CZ- 2024 -25/97/30.11.24 | Acer Desk Top | 49,990 | Casadorz Traders, Chalakudy |
| VMB/24-25-805 / 17.2.25 | Acer Desk Top | 44,000 | Viswas Computers Kunnamkulam |
| VMB/24-25-805 / 17.2.25 | Acer Desk Top | 44,000 | Viswas Computers Kunnamkulam |

(ഓഡിറ്റ് എൻക്വയറി – 4/21.7.25)

സർക്കുലർ നം.86/10/ഫിൻ തീ.24.09.2010 പ്രകാരം കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-18 കൈമാറിയ തുക നാളിതുവരെ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടിൽ സി.ഡി.എസ്.-ന് കൈമാറിയ തുക നാളിതുവരെ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് - 102/25 - ആശ്രയ ഭവന പുനരുദ്ധാരണം

അടങ്കൽ - 2,00,000 (വികസന ഫണ്ട് )

ചെലവ് - 2,00,000

വൗച്ചർ നം. - 42401557/23.12.2024

മേൽപ്രകാരമുള്ള തുക സി.ഡി.എസ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.3245599581, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, താണിക്കുടം) 2024-25 സാമ്പത്തികവർഷം കൈമാറി. ആയതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21.7.2025) മറുപടിയായി യശോദ, മണ്ടലത്ത് (Mandalath) വീട്, വെള്ളാനിക്കര എന്ന ആശ്രയ ഗുണഭോക്താവിന് 30.06.2025 ന് 25,000 രൂപ കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.

ഭവന പുനരുദ്ധാരണപ്രവൃത്തികൾ പൂർത്തിയാക്കി തുക പൂർണ്ണമായും ചെലവഴിച്ചശേഷം രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

വി.ഇ.ഒ. (കരുവാൻകാട് സക്കിൾ) നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണം, വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ എന്നീ പ്രോജക്ടുകളിൽ തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഗുണഭോക്താവിന്റെ പേര് | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|
| വാസയോഗ്യമല്ലാത്ത | സുനിൽകുമാർ സി | 50,000 | 25.11.23-25000 |

| | | | |
|---|---|---|---|
| വീട് വാസയോഗ്യമാക്കൽ (151/24) | എസ് ചെമ്പാലിപറമ്പിൽ, കുണ്ടുകാട് | | |
| ലൈഫ് ഭവനപദ്ധതി | ശ്രുതികൃഷ്ണ, മൂത്തേനി പാണ്ടിപ്പറമ്പ് | 4,00,000 | 23.12.22–40000 |
| | അനൂപ്, പൂക്കോട്ടിൽ, വെള്ളാനിക്കര | 4,00,000 | 16.3.22–40000<br>17.2.23–160000 |
| | ദേവി, കവലക്കാട് കൊട്ടേപ്പാടം | 4,00,000 | 24.3.21 - 40000<br>17.2.23 - 160000 |
| | സുശീല പരമേശ്വരൻ കോട്ടപ്പറമ്പിൽ, കൊട്ടേപ്പാടം | 4,00,000 | 8.1.21 – 40000 |
| | ലീല ചന്ദ്രൻ, വാഴപ്പിള്ളി മാറ്റാംപുറം | 4,00,000 | 8.12.22–40000<br>31.3.23–160000<br>24.6.23–100000<br>27.6.24–50000 |
| | സുലോചന, കുട്ടമാക്കൽ കുറിച്ചിക്കര | 4,00,000 | 24.6.23–40000 |
| | സുധാകരൻ, ഇല്ലിക്കൽ കുണ്ടുകാട് | 4,00,000 | 16.3.23 – 40000<br>23.8.23–160000<br>8.11.23 – 100000<br>24.3.24–50000 |

പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21.7.25) മറുപടിയായി സുനിൽകുമാർ എന്ന ഗുണഭോക്താവ് നിരവധി തവണ ആവശ്യപ്പെട്ടിട്ടും അനുകൂലമായ നടപടികൾ സ്വീകരിക്കാത്തതിനാൽ ഓൺലൈൻ റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സുലോചന എന്ന ഗുണഭോക്താവിനെതിരെയും ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ ശുപാർശ ചെയ്തിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ദേവി, അനൂപ്, ശ്രുതികൃഷ്ണ എന്നിവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾക്ക് പഞ്ചായത്ത് കമ്മറ്റിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതായും, മറ്റ് ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ് എന്നും മറുപടി ലഭ്യമാക്കി.

ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിൽ എത്തി നിൽക്കുന്നവരുടെ പ്രവൃത്തി പൂർത്തിയാക്കുന്നമുറക്ക് രേഖകൾ ലഭ്യമാക്കേണ്ടതാണ്. മറ്റ് ഗുണഭോക്താക്കളിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ വഴി തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-20 പഞ്ചായത്ത് പൊതു ആവശ്യങ്ങൾക്ക് സ്ഥലം വാങ്ങൽ – തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ പഞ്ചായത്ത് പൊതു ആവശ്യങ്ങൾക്ക് സ്ഥലം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം വാങ്ങിയ ഭൂമിയിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

285/25 – പഞ്ചായത്ത് പൊതുആവശ്യങ്ങൾക്ക് സ്ഥലം വാങ്ങൽ

അടങ്കൽ - 20,00,000

ചെലവ് - 20,00,000

വൗച്ചർ നം. - 42400657 /4.11.2024

ഗ്രാമപഞ്ചായത്തിൽ എം. സി. എഫ് നിർമ്മിക്കുന്നതിനായി സുധാകരൻ, മുളന്താനത്ത് എന്ന വ്യക്തിയിൽ നിന്ന് പുല്ലംകണ്ടത്ത് സർവ്വെ നം. 1360/7, 1416/7 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന 0.2583 ഹെക്ടർ (0.0787 ഹെക്ടർ, 0.1796 ഹെക്ടർ വീതം ) സ്ഥലം വാങ്ങി.

സ്ഥലം വാങ്ങുന്നതിന് വനം വകുപ്പ് ലഭ്യമാക്കിയ 26.10.24 ലെ KFDDO/57879/2024-DFOTSR/TG പ്രകാരമുള്ള നിരാക്ഷേപപത്രത്തിൽ സ്വകാര്യ കൈവശ സർവേ നമ്പറുകളുടെ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല എന്നും സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് മാത്രമാണ് നിരാക്ഷേപപത്രം നൽകുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 09.10.24 ലെ LSGD/JD/TSR/7440/2024-A9 നം കത്ത് പ്രകാരം ലഭ്യമാക്കിയ അനുയോജ്യതാ സാക്ഷ്യപത്രത്തിൽ പ്രസ്തുത പ്ലോട്ട് അളന്ന് അതിരുകൾ അടയാളപ്പെടുത്തി സ്കെച്ച് തയ്യാറാക്കി ആധാരത്തിന്റെ ഭാഗമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും ആർജ്ജിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഒരുഭാഗം ഫോറസ്റ്റ് ആയതിനാൽ പ്രസ്തുത സ്ഥലത്ത് മറ്റ് നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സമാകില്ല എന്നത് സംബന്ധിച്ച് വനംവകുപ്പിൽ നിന്നും എതിർപ്പില്ലാരേഖ മുൻകൂട്ടി ലഭ്യമാക്കേണ്ടതാണ് എന്നും പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്ത് സ്ഥലം വാങ്ങുന്നതിന് മുമ്പ് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുകയോ, സ്വകാര്യ കൈവശ സർവേ നമ്പറുകളുടെ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15/23.7.2025) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വാങ്ങിയ സ്ഥലം പഞ്ചായത്തിന്റേതാണെന്ന് വ്യക്തമാക്കുന്ന ബോർഡ് വക്കുകയോ അതിർത്തി തിരിച്ച് സംരക്ഷിക്കുകയോ ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് ടീം 23.7.25 ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തി.

പഞ്ചായത്ത് സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി അതിർത്തി തിരിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എം.സി.എഫ്. നിർമ്മാണത്തിനായി വനംവകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1- 21 ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിലും അധികം ചെലവഴിച്ചിരിക്കുന്നു

നിർവഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ ( വെള്ളാനിക്കര സർക്കിൾ)

പ്രോജക്ട് - 35/25 – ശുചിപൂർണ്ണ പോർട്ടബിൾ ബയോ കമ്പോസ്റ്റർ ബിൻ

അടങ്കൽ – 3,99,600 (ധനകാര്യകമ്മീഷൻ ഗ്രാന്റ് – 2,39,760, കേന്ദ്രാവിഷ്കൃത ഫണ്ട് – 1,19,880, ഗുണഭോക്തൃ വിഹിതം – 39,960)

ചെലവ് - 2,83,050 (ധനകാര്യകമ്മീഷൻ ഗ്രാന്റ് – 239760, കേന്ദ്രാവിഷ്കൃത ഫണ്ട് – 3330, ഗുണഭോക്തൃ വിഹിതം -39960)

വൗച്ചർ നം. - 42401215 /14.3.25 – 39,960

42401231/16.3 25 – 3,330

42401214 /14.3.25 - 2,39,760

ഇൻവോയ്സ് നം. - 71/11.3.25 – 185 No-- 2,83,050

സ്ഥാപനം - സാന്റാ പോളിമേഴ്സ്, കോട്ടയം

പ്രോജക്ടിനുവേണ്ടി 185 വ്യക്തികളിൽ നിന്നായി 153 രൂപ വീതം 28305 രൂപയാണ് ആകെ പിരിച്ചെടുത്തിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ 39,960 രൂപ ചെലവഴിച്ചിട്ടുണ്ട്.

കമ്പോസ്റ്റിംഗ് ഉപാധികൾ വാങ്ങി നൽകുന്നത് സംബന്ധിച്ച 04-01-2024 ലെ സ.ഉ. (സാധാ) 34/2024/ എൽ.എസ്.ജി.ഡി. ഉത്തരവ് ഖണ്ഡിക 3 പ്രകാരം മാലിന്യ സംസ്കരണ ഉപാധികൾ വാങ്ങി നൽകുമ്പോൾ താഴെ പറയുന്ന തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

A. മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്ന വീടുകൾ ജിയോ ടാഗ് ചെയ്യേണ്ടതും ഗൃഹനാഥയുടെ പേര്, വീട്ട് നമ്പർ, കോൺടാക്ട് നം., എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്.

B. ഉപാധിയുടെ പ്രവർത്തനം ഗുണഭോക്താക്കൾക്ക് വിശദീകരിച്ച് നൽകേണ്ടതാണ്.

ഇതിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/27.3.2025) മറുപടിയായി ആകെ പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ആയ 28,305 രൂപ കൈമാറേണ്ടതിനു പകരം പ്രോജക്ടിൽ വകയിരുത്തിയ തുക (39,960 രൂപ) സ്ഥാപനത്തിന് കൈമാറിയതായും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ സ്ഥാപനം പാലിക്കാത്തതിനാൽ 13,896 രൂപ ബില്ലിൽ നിന്ന് (42401214 /14.3.25 -- 2,39,760) റിടെൻഷൻ ഇനത്തിൽ റിക്കവറി നടത്തിയതായും വിഇഒ അറിയിച്ചിട്ടുണ്ട്.
ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തതിൽ കൂടുതൽ തുക ബയോബിൻ വിതരണം ചെയ്ത സ്ഥാപനത്തിന് നൽകിയത് ശരിയല്ല. ആയതിനാൽ ഈ തുക പ്രോജക്ടിനായി വകയിരുത്തിയ മറ്റ് ഫണ്ടിൽ നിന്ന് തനതുഫണ്ടിലേക്ക് അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 തെരുവുവിളക്കുകൾ വാങ്ങൽ - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് - 186/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ 2023 – 24

അടങ്കൽ - 4,00,000 (2,55,816 – ധനകാര്യകമ്മീഷൻ ഗ്രാന്റ്, 1,44,184 -തനതുഫണ്ട് )

ചെലവ് – 2,55,816

വൗച്ചർ നം. - 42400725 /27.11.14 – 1,60,156

42401311 /27.3.25 – 95,660

ARTCO , തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് 375 എൽ. ഇ. ഡി. ലൈറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് വിവരങ്ങൾ ചുവടെ ചേർക്കുന്നു. തെരുവുവിളക്കുകളുടെ ഇൻസ്റ്റലേഷൻ ചാർജ് അടക്കമുള്ള തുകയാണ് താഴെ ചേർത്തിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ | ഇനങ്ങൾ | ജി. എസ്. ടി ഉൾപ്പെടെ ബിൽ തുക | ജി. എസ്. ടി ഇല്ലാതെ ബിൽ തുക |
|---|---|---|---|
| 2024-25 TSR40/29.8.24 | 100 Led Light + Accessories | 1,33,930 | 1,13,500 |
| 2024-25 TSR87/4.11.24 | 25 Led Light + Accessories | 26,226 | 22,225 |
| 2024-25 | 250led Light + | 2,72,875* | 2,31,250* |

| | | | |
|---|---|---|---|
| TSR443/22.3.25 | Accessories | | |
| ആകെ | 375 | 4,33,031 | 3,66,975 |

* ബിൽ തുക 2,72,875 ആണെങ്കിലും തൻവർഷം 95660 രൂപ മാത്രമാണ് നൽകിയിട്ടുള്ളത്.

അപാകതകൾ

. സ്രോതസിൽ നിന്ന് ജി എസ് ടി കുറവ് ചെയ്തിട്ടില്ല. 2017ലെ CGST ആക്ട് വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടി ഡി എസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. 2017ലെ SGST ആക്ട് വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. അപ്രകാരം ജിഎസ് ടി ഈടാക്കിയിട്ടില്ല.

. ഇൻവോയ്സ് നമ്പർ 2024-25 TSR443/22.3.25-ന്റെ ഡെലിവറി ചലാൻ പ്രകാരം 250 ഡബിൾ ബെന്റ് പൈപ്പ് മാത്രമാണ് കൈപ്പറ്റിയതായി കാണുന്നത്. അതിന്റെ വില 84,075 രൂപ മാത്രമാണ്. എന്നാൽ 95,660 രൂപ സ്ഥാപനത്തിന് നൽകി.

. ലഭ്യമായ ഇനങ്ങളിൽ എത്ര വീതം എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

. തെരുവുവിളക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/21.7.2025) മറുപടിയായി തെരുവുവിളക്ക് സാമഗ്രികൾ സ്ഥാപിച്ചതിനുശേഷം മാത്രമേ സ്ഥാപനത്തിന് മുഴുവൻ തുകയും നൽകുകയുള്ളൂ എന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.
എല്ലാ തെരുവുവിളക്ക് ഇനങ്ങളും കൃത്യമായി സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അവ കൃത്യമായി ഓരോ വാർഡിലും എത്ര വീതം സ്ഥാപിച്ചുവെന്ന വിവരങ്ങൾ തെരുവുവിളക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഫൈനൽ ബിൽ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് | വൗച്ചർ നമ്പർ, തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| 206/25 - വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ വലിക്കൽ | 42400830/25.12.24-2,37,612 ധനകാര്യകമ്മീഷൻ ഗ്രാന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, രാമവർമ്മപുരം |
| | 42400832/25.12.24-28,283 ധനകാര്യകമ്മീഷൻ ഗ്രാന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, മണ്ണുത്തി |
| | 42400978/31.1.25-40,105 ധനകാര്യകമ്മീഷൻ ഗ്രാന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, |

| | | |
|---|---|---|
| | | മണ്ണുത്തി |
| 124/25 – വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 42400604/15.10.24-3,23,045 ധനകാര്യകമ്മീഷൻ ഗ്രാന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, മണ്ണുത്തി |
| | 42400825/20.12.24- 1,769,55 ധനകാര്യകമ്മീഷൻ ഗ്രാന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, മണ്ണുത്തി |
| | 22401302/6.3.25-5,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, മണ്ണുത്തി |
| | 2,70,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, രാമവർമ്മപുരം |
| | 30,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, രാമവർമ്മപുരം |
| 175/25 – ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 42400802 /13.12.24-92,891 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 29641-അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, മണ്ണുത്തി 63250-അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, രാമവർമ്മപുരം |
| | 42400963/29.1.25-31,258 ധനകാര്യകമ്മീഷൻ ഗ്രാന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, പുന്നംപറമ്പ് |
| | 42401094/23.2.25-25,851 ധനകാര്യകമ്മീഷൻ ഗ്രാന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, രാമവർമ്മപുരം |
| | 22401510/28.3.25-24,422 തനതുഫണ്ട് | അസിസ്റ്റന്റ് എഞ്ചിനീയർ, |

| | | |
|---|---|---|
| | | കെ.എസ്.ഇ.ബി, രാമവർമ്മപുരം |

സർക്കാർ ഉത്തരവ് (കൈ) നം. 84/2022/തസ്വഭവ. തീയതി 19/04/2022 ഖണ്ഡിക നമ്പർ 12.2 (ഡി) (ii) പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിന് ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്നും എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽപ്രകാരമുള്ള എല്ലാ പ്രൊജക്ടുകളിലും കെ എസ് ഇ ബി-യുമായി നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തിക്ക് തുക മുൻകൂർ നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

സർക്കാർ ഉത്തരവ് (കൈ) 38/23/ധന. തീയതി 09.03.2023 പ്രകാരം വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകകൾ അതത് വർഷം തന്നെ ചെലവഴിക്കാത്ത പക്ഷം സംസ്ഥാന സഞ്ചിതനിധിയിൽ തിരിച്ചടക്കേണ്ടതാണ്. ഇല്ലെങ്കിൽ ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തികവർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവ് വരുത്തുന്നതാണ്. ആയതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കപ്പെടുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 4/21.7.2025)

## 1-24 ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - റീഫണ്ട് തുക നാളിതുവരെയും ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്ട് നമ്പറും, പേരും | 318/25- ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | 50,000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 50,000 (വൗച്ചർ നം.42401478/12.09.2024-₹46,288, 42401732/21.03.2025-₹3,712) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

മേൽ പ്രോജക്റ്റ് പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നം.TVM/ITBG/PI/RC/52794/23-24/10.01.2024 പ്രകാരം കെൽട്രോണിന് 46,288 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ 38,741 രൂപ വിലയുള്ള കമ്പ്യൂട്ടറാണ് വിതരണം ചെയ്തത് (ഇൻവോയ്സ് നം. 56073/ 01.02.2025). ആകയാൽ കെൽട്രോണിന് നൽകിയ മുൻകൂർ തുകയിൽ നിന്നും 7,547 (46,288-38,741) രൂപ തിരികെ ലഭിക്കാനുണ്ട്. റീഫണ്ട് തിരികെ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/23.07.2025) മറുപടി ലഭ്യമാക്കിയില്ല. റീഫണ്ട് തുക തിരികെ ലഭ്യമാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് ഒടുക്കേണ്ടതാണ്.

## 1-25 മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ നൽകിയതിൽ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയതിന്റെയും മരുന്നുകൾ ലഭ്യമായതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ നമ്പറും, പേരും | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തീയതി | തുക (ഫണ്ടിനം) | വൗച്ചർ നമ്പർ/ തീയതി | ലഭ്യമായ മരുന്നുകളുടെ മൂല്യം (ഇൻവോയ്സ് നമ്പർ/തീയതി, തുക) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം |
|---|---|---|---|---|---|---|
| 1 | 46/25- കുടുംബാരോഗ്യ കേന്ദ്രം മരുന്ന് വാങ്ങൽ | 1) PRF2309/ 05.12.2024- ₹1,90,701 | 190701 (വികസന ഫണ്ട്- ജനറൽ) | 1) 42401555/ 20-12-2024- ₹2,80,246 (KMSCLന നൽകിയ ₹1,90,701 ഉൾപ്പെട്ടിട്ടുണ്ട്.) | **₹12,5,768** (2171/24.03.2025- ₹66,547, 736/28.03.2025- ₹11,554, 1060/21.06.2025- ₹6,720, 429/12.05.2025- ₹40,947) | 64,933 |
| | | 2) PRF3029/ 18.01.2025- ₹2,89,780 | 2,89,780 (വികസന ഫണ്ട്- ജനറൽ) | 2)42401647/ 07.03.2025- ₹2,89,780 | **₹14,080** (69/10.04.2025- ₹6,496, 963/17.06.2025- ₹7,584) | 2,75,700 |
| 2 | 44/25- പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | PRF2310/ 05.12.2024- ₹43,390 | ₹43,390 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 42401608/ 27-01-2025- ₹43,390 | **₹36,159** (329/02.05.2025- 28,856, 1298/11.07.2025- ₹7,303) | 7,231 |
| | | PRF3338/ 30.01.2025- ₹41,960 | ₹41,960 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 42401650/ 07-03-2025- ₹41,960 | **₹28,041** (1297/11.07.2025) | 13,919 |

മരുന്നുകൾ മുഴുവനും ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/23.07.2025) മറുപടിയായി മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മുൻകൂർ നൽകിയ തുകയ്ക്ക് നാളിതുവരെയും മരുന്നുകൾ മുഴുവനും ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ/ പേര് | 45/25- ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,00,000 (മെയിന്റനൻസ് ഫണ്ട്- റോഡിതരം) |

| | |
|---|---|
| ചെലവ് | ₹2,00,000 (വൗച്ചർ നമ്പർ 42401610/29.01.2025) |
| പ്രൊഫോർമ ഇൻവോയ്സ് നം./ തീയതി | PF-597/13.11.2024 |

പ്രസ്തുത പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി HOMCO-യ്ക്ക് മേൽ പറഞ്ഞ പ്രഫോർമ ഇൻവോയ്സ് പ്രകാരം 2,00,000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 1,14,349 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | തുക (₹) |
|---|---|
| LF-540/28.06.2025 | 1,14,349 |

മരുന്ന് മുഴുവനും ലഭ്യമാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.07/21.07.2025 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 85,651 രൂപയുടെ മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 അസിസ്റ്റന്റ് എൻജിനിയറുടെ ക്യാഷ് ബുക്ക് - നിശ്ചിത മാതൃകയിൽ പരിപാലിച്ചിട്ടില്ല

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് ക്യാഷ് ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും ടി.ആർ 7A എ മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച ജി.ഒ(പി)177/2006/ധന. തീയ്യതി. 12.04.2006 ഉത്തരവിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും നിശ്ചിത (ടി.ആർ 7എ) മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ ചെലവിന്റെ രേഖകൾ പരിശോധിച്ചതിൽ നിന്ന് ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടി.ആർ 7A എ മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. പ്രതിമാസ, വാർഷിക ക്ലോസിംഗ് നടത്തുകയോ ബാങ്ക് റീകൺസിലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ക്യാഷ് ബുക്ക് രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

4. എസ്.ബി.ഐ. പാറമേക്കാവ് ബ്രാഞ്ചിലുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (കറന്റ് അക്കൗണ്ട് അക്കൗണ്ട് നം.38108857532) 01.04.2024 ന് 2,37,835.50 രൂപയും 31.03.2025ന് 3,82,770 രൂപയും നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീ, ബില്ലിൽ നിന്നും ആദായനികുതി, ജി.എസ്.ടി എന്നിവ അടവാക്കുന്നതിന് തനതു ഫണ്ടിൽ നിന്നും ലഭ്യമായ തുകയും ആണ് അക്കൗണ്ടിൽ വരവുള്ളത്. ഇവയൊന്നും ക്യാഷ് ബുക്കിൽ രേഖപ്പടുത്തിയിട്ടില്ല. മേൽപ്പറഞ്ഞതു പ്രകാരം ക്യാഷ് ബുക്ക് പരിപാലിക്കാത്തതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 19/23.07.2025 നല്കിയതിന് മേലിൽ ഇപ്രകാരമുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും വിധം നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-28 ജലജീവൻ മിഷൻ അവലോകനം

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ. (കൈ) നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ

ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 5664 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ആയതിന് 4826.14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ 16.12.2021-ന് 9/2021-22 നമ്പറായി ഗ്രാമപഞ്ചായത്തും KWA-യും ISA-യുമായും (Implementation Support Agency ആയ കേരള ഗ്രാമ നിർമ്മാണ സമിതി) ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരമുള്ള ISA യുടെ പ്രവർത്തനങ്ങൾ കരാർ തിയ്യതി മുതൽ 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. നിർവ്വഹണ സഹായ ഏജൻസിയായ കേരള ഗ്രാമ നിർമ്മാണ സമിതി നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് കരാർ വ്യവസ്ഥയിലെ അനുബന്ധം 1 ൽ പറഞ്ഞിട്ടുണ്ടെങ്കിലും നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
മാർഗ്ഗരേഖ പ്രകാരം ത്രികക്ഷി കരാറിലേർപ്പെടുമ്പോൾ JJM (Jal Jeevan Mission) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവൃത്തി നടത്തേണ്ട റോഡുകളുടെ പേര്, പൈപ്പിടുന്നതിന് കുഴിക്കുന്ന നീളം, റിസ്റ്റോറേഷൻ പ്രവൃത്തി ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിക്കുന്ന കാലയളവ് തുടങ്ങിയ വിവരങ്ങൾ അനുബന്ധമായി ചേർക്കണമെന്നിരിക്കെ ഇത്തരം വിവരങ്ങൾ കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ല. തദ്ദേശസ്ഥാപനം കേരള വാട്ടർ അതോറിറ്റിയ്ക്ക് പദ്ധതിക്കായി നാളിതുവരെ തുകയൊന്നും കൈമാറിയിട്ടില്ല.
ഒന്നാം ഘട്ടത്തിൽ നിർവ്വഹണ സഹായ ഏജൻസി സർവ്വേ ഉൾപ്പടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപന വിഹിതവും, ഗുണഭോക്തൃവിഹിതവും കണ്ടെത്താൻ കഴിയാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് എം.എൽ.എ. മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നൽകുന്നതിന് 10.08.2020 ലെ സ.ഉ.(സാ) നം.4584/2020/ധന. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മാടക്കത്തറ ഗ്രാമപഞ്ചായത്തിനു വേണ്ടി വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകിയിട്ടില്ല എന്ന് അറിയിച്ചു.

ആദ്യഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട റോഡുകൾ കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് RoW SUGAMA പോർട്ടൽ വഴി KWA സമർപ്പിച്ച അപേക്ഷകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. പൈപ്പിടുന്നതിനായി കുഴിക്കുന്ന റോഡുകളുടെ റിസ്റ്റോറേഷൻ ചാർജ്ജ് 10.02.2023-ലെ No.CEPWD/2675/2021-C4 (W) RD സർക്കുലർ പ്രകാരമുള്ള നിരക്കിൽ കണക്കാക്കി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കുഴിച്ച റോഡുകളിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളതിൽ 80% റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിൽ കേരള വാട്ടർ അതോറിറ്റി GSB, വെറ്റ് മിക്സ് ഉപയോഗിച്ച് ഫിൽ ചെയ്യുകയും പഞ്ചായത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഭാഗമായി റോഡുകൾ ടാർ ചെയ്യുകയാണുമുണ്ടായതെന്നും, പൂർണ്ണമായും റിസ്റ്റോറേഷൻ നടത്തിയിട്ടില്ലായെന്നും, റിസ്റ്റോറേഷൻ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് തുക കൈമാറിയിട്ടില്ലായെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.02/17.07.2025) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

## 1-29 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

### ആമുഖം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ

സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ 15(2) FC-XV/FCD/2020-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും താഴെ ചേർക്കുന്ന 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്.

| ക്രമ നമ്പർ | ഗ്രാന്റ് അനുവദിക്കുന്ന സ്കീമിന്റെ പേര് |
|---|---|
| 1. | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. |
| 2. | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. |
| 3. | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി<br>ഹെൽത്ത് കെയർ ഫെസിലിറ്റീലസ്.<br>(I) സബ് സെന്റേഴ്സ്<br>(Ii) പി.എച്ച്.സി. |
| 4. | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. |

ഓരോ സ്കീമിലേക്കും ഉള്ള ഗ്രാന്റിന്റെ ഇടപാടുകൾ നടത്തുന്നത് പി.എഫ്.എം.എസുമായി ലിങ്ക് ചെയ്ത പ്രത്യേകം അക്കൗണ്ടുകൾ മുഖാന്തിരമാണ്.

**മാടക്കത്തറ ഗ്രാമപഞ്ചായത്ത് – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും**

മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു കുടുംബാരോഗ്യ കേന്ദ്രവും, മൂന്ന് ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്. 2011 ലെ സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 33,864 ആണ്. 16 വാർഡുകളിലായി ആകെ 9,182 വീടുകളാണുള്ളത്. മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മുതൽ ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച തുകകളുടെയും അവയുടെ വിനിയോഗവും സംബന്ധിച്ച സംക്ഷിപ്ത വിവരം താഴെ കാണും പ്രകാരമാണ്.

**എ) സ്കീം 1 – ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.**

പ്രസ്തുത സ്കീമിന് 2021-22 സാമ്പത്തികവർഷം മുതൽ 2023-24 സാമ്പത്തികവർഷം വരെ തുകയൊന്നും ലഭിച്ചിട്ടില്ല . എന്നാൽ 2024-25 സാമ്പത്തിക വർഷം 55,50,000 രൂപ അടങ്കലുള്ള പൊങ്ങണംകാട് ഉപകേന്ദ്രത്തിന് കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി 27,75,000 ഒന്നാം ഗഡുവായി ലഭിച്ചിട്ടുള്ളതും ആയത് ചെലവഴിച്ചിട്ടുള്ളതുമാണ് .

